# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.11/1008/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 29/09/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.11/1008/2022 തീയ്യതി: 29/09/2022

## ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-09-2021 മുതൽ 31-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 08-08-2022 | 23-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-08-2022 | 23-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. പുഷ്പരാജ്. വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലേഖ. പി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ജെയിംസ് ചിങ്കുതറ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. ബാബു. വി | സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീമതി.പ്രിയ..എസ് | സെക്രട്ടറി | 01-06-2021 | 28-06-2021 |
| ശ്രീമതി. സതീദേവി രാമൻനായർ | സെക്രട്ടറി | 29-06-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സിന്ധു.എസ് | കൃഷി ഓഫീസർ | 01-04-2021 | 19-02-2022 |
| ശ്രീമതി.ജീഷ്മഷാജി | കൃഷി ഓഫീസർ | 20-02-2022 | 31-03-2022 |
| ഡോ.ആഷ.എം | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, | 01-04-2021 | 31-03-2022 |
| ഡോ. റെജീന.ടി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ. റാണിഭരതൻ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 17-11-2021 |
| ഡോ.അനന്തരാജ്.കെ.ആർ | വെറ്ററിനറി സർജ്ജൻ | 18-11-2021 | 31-03-2022 |
| ശ്രീമതി.മോനിഷ. എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശ്രീലത.കെ.കെ | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് | 01-04-2021 | 31-03-2022 |
| ശ്രീ.സുരേശൻ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സവിത. സി.എം | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, തങ്കി സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രസീത.കെ.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കടക്കരപ്പള്ളി സർക്കിൾ | 01-04-2021 | 06-11-2021 |
| ശ്രീ.സജിത്ത്.ടി.വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കടക്കരപ്പള്ളി സർക്കിൾ | 07-11-2021 | 08-02-2022 |
| ശ്രീമതി.സവിത. സി.എം | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, തങ്കി(ഇൻചാർജ്ജ്)സർക്കിൾ | 09-02-2022 | 23-02-2022 |
| ശ്രീ.സുനിൽരാജ് പി.വി | വില്ലേജ് എക്സ്റ്റെൻഷൻ | 24-02-2022 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ, തങ്കി സർക്കിൾ | | |
| ശ്രീമതി.രശ്മി മാനുവൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-10-2021 |
| ശ്രീമതി.സ്വപ്ന എസ്.പിള്ള | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-11-2021 | 31-03-2022 |
| ശ്രീമതി.മിനിമോൾ.വി.എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 22-08-2022)<br>Last Updated By: C.C Jyothimon (Audit Officer, On 23-08-2022) | 1-1 |
| 2 | ബജറ്റ് അവലോകനം<br>Written By: C.C Jyothimon (Audit Officer, On 22-08-2022)<br>Last Updated By: C.C Jyothimon (Audit Officer, On 23-08-2022) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 22-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 22-08-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 22-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 23-08-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Pushparaj V.K (Asst. Audit Officer, On 22-08-2022)<br>Last Updated By: C.C Jyothimon (Audit Officer, On 23-08-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 22-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 23-08-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Pushparaj V.K (Asst. Audit Officer, On 22-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 23-08-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: C.C Jyothimon (Audit Officer, On 22-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 23-08-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Lekha (Auditor, On 22-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 23-08-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Lekha (Auditor, On 22-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 23-08-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം.<br>Written By: C.C Jyothimon (Audit Officer, On 22-08-2022)<br>Last Updated By: C.C Jyothimon (Audit Officer, On 23-08-2022) | 1-9 |
| 12 | ഓഡിറ്റ് ഇംപാക്റ്റ് - കെട്ടിട വാടക വർദ്ധിപ്പിച്ച നിരക്കിൽ ഈടാക്കി<br>Written By: Lekha (Auditor, On 22-08-2022)<br>Last Updated By: Lekha (Auditor, On 23-08-2022) | 1-10 |
| 13 | ഓഡിറ്റ് ഇംപാക്റ്റ്- വികസനഫണ്ടിൽ നിന്നും ചെലവഴിച്ച സ്കൂൾ ബസിന്റെ ഇൻഷുറൻസ് തുക തിരികെ ഒടുക്കി<br>Written By: Lekha (Auditor, On 22-08-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 13-09-2022) | 1-11 |
| 14 | ഓഡിറ്റ് ഇംപാക്റ്റ്-തൊഴിൽ നികുതി 4262/-രൂപ ഈടാക്കി<br>Written By: Lekha (Auditor, On 23-08-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 13-09-2022) | 1-12 |
| 15 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല<br>Written By: Lekha (Auditor, On 23-08-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 13-09-2022) | 1-13 |
| 16 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Lekha (Auditor, On 23-08-2022)<br>Last Updated By: C.C Jyothimon (Audit Officer, On 23-09-2022) | 1-14 |
| 17 | കെട്ടിട നികുതി കുടിശ്ശിക ഈടാക്കുന്നില്ല | 1-15 |

| | | |
|---|---|---|
| | Written By: Lekha (Auditor, On 23-08-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 13-09-2022) | |
| 18 | ഐ.കെ.എം വിഹിതം നല്കൽ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല<br>Written By: Pushparaj V.K (Asst. Audit Officer, On 23-08-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 13-09-2022) | 1-16 |
| 19 | പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 23-08-2022)<br>Last Updated By: C.C Jyothimon (Audit Officer, On 23-09-2022) | 1-17 |
| 20 | മരുന്ന് ലഭ്യമായിട്ടില്ല<br>Written By: Lekha (Auditor, On 23-08-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 13-09-2022) | 1-18 |
| 21 | വെള്ളക്കരം കുടിശ്ശിക ഒടുക്കുന്നില്ല- ഫൈൻ വർദ്ധിക്കുന്നു<br>Written By: Pushparaj V.K (Asst. Audit Officer, On 23-08-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 13-09-2022) | 1-19 |
| 22 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല.<br>Written By: C.C Jyothimon (Audit Officer, On 22-08-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-08-2022) | 1-20 |
| 23 | കൃഷി ഓഫീസ് ചെലവുകൾക്ക് വികസന ഫണ്ട് ഉപയോഗിച്ചു.<br>Written By: Lekha (Auditor, On 23-08-2022)<br>Last Updated By: Lekha (Auditor, On 23-09-2022) | 1-21 |
| 24 | ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തില്ല<br>Written By: Lekha (Auditor, On 23-08-2022)<br>Last Updated By: Lekha (Auditor, On 23-09-2022) | 1-22 |
| 25 | മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാരിൽ നിന്നും വരുമാന നികുതി ശ്രോതസ്സിൽ കുറവ് ചെയ്യുന്നില്ല.<br>Written By: C.C Jyothimon (Audit Officer, On 22-08-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 17-09-2022) | 1-23 |
| 26 | കാലിവീപ്പയുടെ വില-തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: C.C Jyothimon (Audit Officer, On 23-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 23-08-2022) | 1-24 |
| 27 | ജി.എസ്.ടി വകുപ്പിലേക്ക് അടക്കേണ്ടിയുരുന്ന നികുതി പദ്ധതിപ്പണത്തിൽ തന്നെ നിക്ഷേപിക്കപ്പെട്ടു.<br>Written By: C.C Jyothimon (Audit Officer, On 22-08-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 17-09-2022) | 1-25 |
| 28 | പ്രവൃത്തിമൂല്യം ഭരണാനുമതി/ സാങ്കേതികാനുമതി തുകകളിൽ പരിമിതപ്പെടുത്തിയില്ല- അധികചെലവ്.<br>Written By: C.C Jyothimon (Audit Officer, On 23-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 23-08-2022) | 1-26 |
| 29 | വിവിധ തോട് നവീകരണ പ്രവൃത്തികൾ - ജി.എസ്.ടി അധികനിരക്കിൽ നൽകി.<br>Written By: C.C Jyothimon (Audit Officer, On 23-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 23-08-2022) | 1-27 |
| 30 | ലൈഫ് ഭവന പദ്ധതി- നിർമാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 23-08-2022)<br>Last Updated By: C.C Jyothimon (Audit Officer, On 23-08-2022) | 1-28 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | വിവിധ തോട് നവീകരണ പ്രവൃത്തികൾ - ജി.എസ്.ടി അധികനിരക്കിൽ നൽകി.<br>Written By: C.C Jyothimon (Audit Officer, On 23-08-2022) | 3-1 |

| | | |
|---|---|---|
| | Last Updated By: Pushparaj V.K (Asst. Audit Officer, On 23-08-2022) | |
| 2 | പ്രവൃത്തിമൂല്യം ഭരണാനുമതി/ സാങ്കേതികാനുമതി തുകകളിൽ പരിമിതപ്പെടുത്തിയില്ല- അധികചെലവ്.<br>Written By: C.C Jyothimon (Audit Officer, On 23-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 23-08-2022) | 3-2 |
| 3 | കൃഷി ഓഫീസ് ദൈനംദിന ചെലവുകൾക്ക് വികസന ഫണ്ട് ഉപയോഗിച്ചു<br>Written By: Lekha (Auditor, On 23-08-2022)<br>Last Updated By: Lekha (Auditor, On 23-09-2022) | 3-3 |
| 4 | ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തില്ല<br>Written By: Lekha (Auditor, On 23-08-2022)<br>Last Updated By: Lekha (Auditor, On 23-09-2022) | 3-4 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 22-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 24-09-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Pushparaj V.K (Asst. Audit Officer, On 22-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 22-08-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pushparaj V.K (Asst. Audit Officer, On 22-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 22-08-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Pushparaj V.K (Asst. Audit Officer, On 22-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 22-08-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Pushparaj V.K (Asst. Audit Officer, On 22-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 22-08-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Pushparaj V.K (Asst. Audit Officer, On 22-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 22-08-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Pushparaj V.K (Asst. Audit Officer, On 22-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 22-08-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Pushparaj V.K (Asst. Audit Officer, On 22-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 22-08-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Pushparaj V.K (Asst. Audit Officer, On 22-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 23-08-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 29-09-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22വർഷത്തെ ബജറ്റ് 10.2.2021 തീയതിയിലെ ഒന്നിൽ രണ്ടാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 23.2.2022ലെ രണ്ടിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 223750465 | 222360256 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെണ്ടീച്ചർ പത്രിക) | 178279349 | 181055728 |

### 1-1-1 ബജറ്റ് അവലോകനം

2021-22വർഷത്തെ ബജറ്റ് 10.2.2021 തീയതിയിലെ ഒന്നിൽ രണ്ടാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 23.2.2022ലെ രണ്ടിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .
ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.
2.ബജറ്റിന്റെ പരിശോധന
ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2021-22 ലെ ബജറ്റ് 2021ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.
3.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (RP Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 2512004 | മരുന്നുകൾ | 1,50,000/- | 1,00,000/- | 108978 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (10/19.08.2022) ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിത അപാകതകൾ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നും ബജറ്റിന്റെ പരിശോധന നടത്തുന്നത് സംബന്ധിച്ച് പെർഫോമൻസ് വിങ്ങിന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 02.06.2022 |

### 1-2-1 വാർഷിക ധനകാര്യ പത്രിക ന്യൂനതകൾ

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.
1.വാർഷിക കണക്ക് പ്രകാരം സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിനത്തിൽ തൻവർഷത്തെ ആകെ ചെലവ്

8149790/-രൂപയാണ്. എന്നാൽ സുലേഖ സോഫ്റ്റ് വെയറിൽ നിന്നുള്ള എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിലുള്ള തൻവർഷത്തെ ചെലവ് 10435118/-രൂപയാണ്. ഇ ഗ്രാം സ്വരാജ് ബാങ്ക് അക്കൗണ്ടിൽ നിന്നും ടി തുക എക്സ്പന്റീച്ചറാകും എന്ന പ്രതീക്ഷയിൽ സുലേഖയിൽ ചെലവ് ബുക്ക് ചെയ്തതാണ് ഈ വ്യത്യാസത്തിനു കാരണമെന്ന് മറുപടി നല്കി.

2.വാർഡുകളിൽ റോഡ് വികസനത്തിന് തടസ്സമായി നില്ക്കുന്ന പോസ്റ്റ് മാറ്റുന്നതിനായി തൻവർഷം 32734/-രൂപ കെ.എസ്.ഇ.ബി-ക്ക് നല്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം നാളിതുവരെയായും ലഭ്യമായത് 2022-23 സാമ്പത്തിക വർഷമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18-ൽ ടി തുക ഉൾപ്പെട്ടു വന്നിട്ടില്ല.

3.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-9 പ്രകാരം Recovery From Employees -Penalties And Fines എന്നായിനത്തിൽ 5117/- രൂപ വരവ് രേഖപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥത്തിൽ ടി തുക ജീവനക്കാരിൽ നിന്നുള്ള ഫൈൻ അല്ല മറിച്ച് വിവിധ കോൺട്രാക്ടർമാരിൽ നിന്നും ഈടാക്കിയ ഫൈൻ ആണ്. ടി തുക തെറ്റായി ബുക്ക് ചെയ്യപ്പെട്ടതാണെന്ന് മറുപടി നല്കി

4.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. പ്രസ്തുത വ്യത്യാസം പരിശോധിച്ച് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി.

5.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്ന് മറുപടി നല്കി.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10849919 |
| വരവ് | 76097563 |
| ആകെ | 86947482 |
| ചെലവ് | 72976277 |
| നീക്കിയിരിപ്പ് | 13971205 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | 271967 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 713948 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 13431240 | 13431240 | 3419181 | 12957729 | 473511 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി.) | | 1564181 | 1564181 | 53019 | 1393981 | 170200 (ലാപ്സായി) |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 10500 | 10500 | 0 | 0 | 10500 (ലാപ്സായി) |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | | 6169980 | 6169980 | 0 | 6112000 | 57980 (ലാപ്സായി) |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 6816706 | 6816706 | 0 | 4772329 | 2044377 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | | 12397151 (പലിശ ഉൾപ്പെടെ) | 12397151 | 0 | 8149790 | 4247361 (738310/-രൂപ ലാപ്സായി 3509051/-രൂപ നീക്കിയിരിപ്പ്) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ്) | | 26939533 | 26939533 | 0 | 19551434 | 7388099 (ലാപ്സായി) |

ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പരിശോധനാ വിധേയമാക്കാൻ സാധിച്ചില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 161 | 123483798 | 138 | 59077833 | | 23 | 85.71% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3422 | 1108509 | 1111931 | 1110743 | 1188 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 67470257 | 67470257 | 67470257 | |
| ആകെ | 3422 | 68578766 | 68582188 | 67581000 | 1188 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 303840 | 202 |
| കർഷകതൊഴിലാളി പെൻഷൻ | 3006600 | 204 |
| വിധവാപെൻഷൻ | 6348800 | 469 |
| വാർദ്ധക്യകാലപെൻഷൻ | 20330900 | 1987 |
| വികലാംഗപെൻഷൻ | 4477300 | 303 |
| അവിവാഹിത പെൻഷൻ | 1046000 | 77 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.08.2022, 2.45-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1064/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്ന തിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഇപ്പോഴും പഞ്ചായത്തിന്റെ കൈവശമില്ല.

3. 1994ലെകേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും, ചട്ടം 3 പട്ടിക1 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും പഞ്ചായത്തിൽ നിന്നുള്ള അനുമതിപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നില്ല. ഭാഗം 1 ശ്രദ്ധിച്ചാലും.

4. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായി പദ്ധതിപ്പണം വിനിയോഗിക്കപ്പെടുന്നു. ഭാഗം 3 ശ്രദ്ധിച്ചാലും

5.പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് കുടിശികയിനത്തിൽ മുൻകാലങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്യപ്പെട്ട തുകകൾ സമയബന്ധിതമായി ഡിമാന്റിൽ കുറവ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്താത്തതിനാൽ പിഴപലിശയിനത്തിൽ വൻതുക കുടിശികയായി തുടരുന്നു.
6. കണ്ടിജന്റ് ബില്ലുകൾ പലതും പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ / വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ഓഡിറ്റ് ഇംപാക്ട് - കെട്ടിട വാടക വർദ്ധിപ്പിച്ച നിരക്കിൽ ഈടാക്കി

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക 2021-22 വർഷത്തിൽ 10% വർദ്ധനവ് വരുത്തി ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുണ്ടെങ്കിലും എം.എ. കരീം മുഹമ്മദ് മൻസിൽ എന്ന വ്യക്തിക്ക് വാടകയ്ക്ക് നൽകിയിരിക്കുന്ന കടമുറി(5/251)യുടെ വാടക വർദ്ധിപ്പിച്ച നിരക്കിൽ ഈടാക്കാതിരുന്നതിന് ഓഡിറ്റ് അന്വേഷണം (5/12.8.2022) നൽകിയതിനെ തുടർന്ന് 1220100724/12.8.2022രസീത് പ്രകാരം 2131/- രൂപ ഈടാക്കി ഒടുക്കി.

## 1-11 ഓഡിറ്റ് ഇംപാക്ട്- വികസനഫണ്ടിൽ നിന്നും ചെലവഴിച്ച സ്കൂൾ ബസിന്റെ ഇൻഷുറൻസ്

## തുക തിരികെ ഒടുക്കി

പ്രോജക്ട് നം S062/22- കടക്കരപ്പള്ളി ജി.എൽ.പി.എസ്സിലെ വാഹനത്തിന്റെ ഇൻഷ്വറൻസ് അടവാക്കൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി ജി.എൽ.പി.സ്കൂളിലെ KL32H4620 -ാം നമ്പർ സ്കൂൾ ബസിന്റെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനായി 26500/- രൂപ വികസനഫണ്ടിൽ നിന്ന് കടക്കരപ്പള്ളി ജി.എൽ.പി.എസ്സിലെ ഹെഡ്മാസ്റ്റർ ചെലവഴിച്ചതിന് ഓഡിറ്റ് അന്വേഷണം (നം 2/11.8.2022) നൽകിയതിനെ തുടർന്ന് ചെലാൻ നം KL01380170720223M /17.8.2022 പ്രകാരം 26500/-രൂപ തിരികെ ഒടുക്കി .

## 1-12 ഓഡിറ്റ് ഇംപാക്ട്-തൊഴിൽ നികുതി 4262/-രൂപ ഈടാക്കി

തങ്കി നിർമ്മൽ ക്ഷീരോല്പ്പാദക സഹകരണസംഘത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് ഓഡിറ്റ് എൻക്വയറി (20/22.8.2022) നൽകിയതിനെ തുടർന്ന് സ്ഥാപന നികുതി ,ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ പലിശയുൾപ്പെടെ 4262/-രൂപ ഈടാക്കി 22.8.22 ൽ ഒടുക്കിയിട്ടുണ്ട്. (രസീത് നം 1220100751-2500/-,1220100752-600 /-,1220100753-1162/-)

## 1-13 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205,1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
1)പഞ്ചായത്തിലെ മരാമത്ത് പ്രവർത്തികൾഏറ്റെടുത്തു നടത്തുന്ന കരാറുകാർ

2)സെന്റ് റീത്താസ് ഹോസ്പ്പിറ്റലിലെ ഡോക്ടർ

മേൽസൂചിപ്പിച്ചവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (20/22.8.22 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയതു പ്രകാരം കരാറുകാരുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയറോടും, ഡോക്ടറുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ ഹോസ്പിറ്റൽ മേധാവിയോടും ആവശ്യപ്പെട്ടിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാജീവനക്കാരിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

I- 1996 ലെ കേരള പഞ്ചായത്തിരാജ് (അപകടകരവും അസഹഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം 3 പട്ടിക 1 പ്രകാരം (ക്രമ നം-132 ) ലൈസൻസ് ആവശ്യമുള്ളതും, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതുമായ ക്ഷീര സംഘങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1)കടക്കരപ്പള്ളി ക്ഷീരോല്പ്പാദക സഹകരണ സംഘം

2)തങ്കി നിർമ്മൽ ക്ഷീരോല്പ്പാദക സഹകരണ സംഘം

3)കുഞ്ഞിത്തൈ ക്ഷീരോല്പ്പാദക സഹകരണ സംഘം

4)ആലുങ്കൽ ക്ഷീരോല്പ്പാദക സഹകരണ സംഘം

II- യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീസ് പുതുക്കുമ്പോൾ പട്ടികIII പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണെങ്കിലും താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷയിലും അവയോടോപ്പം ഹാജരാക്കിയിരിക്കുന്ന മറ്റ് വകുപ്പുകളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തിക്ക് ആനുപാതികമായി മോട്ടോർ റണ്ണിംഗ് ഫീസീടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം/വിലാസം | സ്ഥാപനം /അപേക്ഷപ്രകാരമുള്ള യന്ത്രത്തിന്റെ കുതിരശക്തി | പട്ടിക III പ്രകാരം ഈടാക്കേണ്ട മോട്ടർറണ്ണിംഗ് ഫീസ് | ഈടാക്കിയ മോട്ടർറണ്ണിംഗ് ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | ഭാർഗവി,വാറാട്ടുഗീതാലയം 10/118 | തടി മിൽ 37Hp | 400/- | 200/- 121030100316 /30.6.21 | 200/- |
| 2 | രാധാകൃഷ്ണൻ,മൂത്തുങ്കൽ സിതാര,8/246 | തടി മിൽ, 37HP | 400/- | 100/- രസീത് നം 120030102237 /10.3.2021 | 300/- |
| 3 | ബെന്നിചാക്കോ, കോരങ്കാട്ട്,4/79 | കയർ ഉല്പ്പാദനം, 10HP | 100/- | - | 100/- |
| 4 | റോബിൻ.സി.എസ്,ചേനപ്പറമ്പിൽ | പൊടിമില്ല്,10Hp | 100/- | -- | 100/- |
| 5 | പ്രസീന കണ്ടത്തിൽപറമ്പിൽ 7/71A | പൊടിമില്ല്,10Hp | 100/- | - | 100/- |

മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളെ ലൈസനൻസ് പരിധിയിൽകൊണ്ടുവരാതിരുന്നതിനും മോട്ടോർ റണ്ണിംഗ് ഫീസീടാക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം(19/22.8.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കേണ്ടതും ചട്ടപ്രകാരം ഈടാക്കേണ്ടിയിരുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയും അറിയിക്കേണ്ടതാണ്.

## 1-15 കെട്ടിട നികുതി കുടിശ്ശിക ഈടാക്കുന്നില്ല

എൻ.എസ്.എസ് കരയോഗം( നം.1608 ) സെക്രട്ടറിയുടെ ഉടമസ്ഥതയിലുള്ള 7/240-ാംനമ്പർ കെട്ടിടത്തിന്റെ 2015-16 മുതൽ 2021-22 വരെയുള്ള വസ്തു നികുതി 46760/- രൂപ കുടിശ്ശികയാണ്. തനതുവരുമാനം കുറവായ പഞ്ചായത്തിൽ നികുതി പൂർണ്ണമായും ലഭിക്കാതിരിക്കുന്നത് വരുമാനനഷ്ടത്തിന് ഇടയാക്കുന്നതിനാൽ മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഐ.കെ.എം വിഹിതം നല്കൽ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

പ്രോജക്ടിന്റെ പേര് : ഐ.കെ.എം വിഹിതം നല്കൽ

പ്രോജക്ട് നം. : 1/2022

അടങ്കൽ : വികസന ഫണ്ട് - 63948/-

ചെലവ് : 63948/- (ട്രഷറി ബിൽ നം.16 തീ.24.06.2021)

നിർവഹണം: സെക്രട്ടറി

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിൽ നിന്നും ഐ.കെ.എം വിഹിതമായി മേൽ പ്രോജക്ട് പ്രകാരം 63948/- രൂപ ഐ.കെ.എം-ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനായി ഹാജരാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4 തീ.11.08.2022) നൽകിയെങ്കിലും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-17 പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

പ്രോജക്ട് നം.48

പ്രോജക്ടിന്റെ പേര്: പ്രത്യേക കന്നുകുട്ടി പരിപാലനം

അടങ്കൽ -വികസന ഫണ്ട് : 350000/-രൂപ

ഗുണഭോക്തൃ വിഹിതം +സംസ്ഥാന വിഹിതം - 350000/-രൂപ

ആകെ -700000/-രൂപ

ചെലവ്:- 350000/-രൂപ (ബിൽ നം.1 തീ.18.01.2022-350000)

നിർവഹണം:- വെറ്റിനറി സർജൻ

കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിലേക്കായി മേൽ പദ്ധതി പ്രകാരം 350000/-രൂപ ആലപ്പുഴ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/12.08.2022) പ്രോജക്ട് നാളിതുവരെയായും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ലായെന്ന് മറുപടി നല്കി. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (350000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 മരുന്ന് ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ ആയുർവേദം നിർവഹണം നടത്തിയ പദ്ധതിയിലുൾപ്പെടുത്തി ഹോമിയോ ആശുപത്രയിലേക്ക് മരുന്നു വാങ്ങുന്നതിനായി ഹോംകോയിലേക്ക് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും മരുന്ന് നാളിതുരെ ലഭിച്ചിട്ടില്ലാത്തതായി കാണുന്നു .വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | അടങ്കൽ | ചെലവ് | പ്രൊഫോർമ ഇൻവോയിസ് നം /തുക |
|---|---|---|---|---|
| 1 | S0021/22 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 200000/- (റോഡിതരം) | ബിൽ നം 52/21-22 തീ.16.10.21 | PF705/6.10.2021 200000/- |
| 2 | S0023/22 വയോജനങ്ങൾക്ക് ഹോമിയോ മരുന്ന് വാങ്ങൽ | 100000/- (റോഡിതരം) | ബിൽ റഫറൻസ് നമ്പർ 210605520 18700517249/7.10.21 | PF706/6.10.2021 100000/- |
| ആകെ | | | | 300000/- |

മരുന്ന് ലഭ്യമാക്കുന്നകിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി

നം. (9/17.8.2022) നൽകിയതിനു ഉടൻതന്നെ മരുന്നു ലഭ്യമാകുന്നതാണെന്നും ഹോംകോയിൽ നിന്നുള്ള സീനിയോറിറ്റി ലിസ്റ്റും ലഭ്യമാക്കിയിട്ടുണ്ടെന്നും അറിയിച്ചു. മരുന്ന് ലഭ്യമാകുന്നതു വരെ ചെലവ് തുകയായ 300000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 വെള്ളക്കരം കുടിശ്ശിക ഒടുക്കുന്നില്ല- ഫൈൻ വർദ്ധിക്കുന്നു

കേരള വാട്ടർ അതോറിറ്റിയുടെ 13.04.2021-ലെ 50889 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 31.03.2021-ൽ കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 1008392/- രൂപ കുടിശ്ശിക ഉണ്ടായിരുന്നു. 2021-22 സാമ്പത്തിക വർഷം വാട്ടർ അതോറിറ്റി 273 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ എല്ലാ മാസവും 125421/- രൂപ ഡിമാന്റ് ചെയ്തു വരുന്നു. ടി തുക മാത്രമാണ് പഞ്ചായത്ത് പ്രതിമാസം അടച്ചു പോരുന്നത്. കുടിശ്ശിക തുക ഒടുക്കാത്തതിനാൽ 2021-22 സാമ്പത്തിക വർഷം താഴെപ്പറയും പ്രകാരമുള്ള ഫൈൻ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഡിമാന്റ് നോട്ടീസ് നം./തീയതി | ഡിമാന്റ് ചെയ്ത ഫൈൻ |
|---|---|---|
| 1 | 50889 തീ.13.04.2021 | 19780 |
| 2 | 52271 തീ.18.05.2021 | 20168 |
| 3 | 52920 തീ.08.06.2021 | 20563 |
| 4 | 53582 തീ.105.07.2021 | 20967 |
| 5 | 54597തീ.05.08.2021 | 21378 |
| 6 | 55479തീ.04.09.2021 | 24306 |
| 7 | 56595തീ.07.10.2021 | 22225 |
| 8 | 57410 തീ.06.11.2021 | 22661 |
| 9 | 58265 തീ.07.12.2021 | 23105 |
| 10 | 59257 തീ.06.01.2022 | 23559 |
| 11 | 60370തീ.09.02.2022 | 24021 |
| 12 | 61413 തീ.09.03.2022 | 24492 |
| | ആകെ | 267225 |

2021-22 സാമ്പത്തിക വർഷത്തെ അവസാന ഡിമാന്റ് നോട്ടീസ് പ്രകാരം 1248616/- രൂപ കുടിശ്ശിക ഒടുക്കാനുള്ളതായി കാണുന്നു. 2021-22 സാമ്പത്തിക വർഷം മാത്രം 267225/-രൂപ ഫൈൻ ഇനത്തിൽ പഞ്ചായത്തിന്റെ ബാധ്യതയായി വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്. കുടിശ്ശിക ഒടുക്കാതെ ഫൈൻ വരുത്തി വയ്ക്കുന്നതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4 തീ.11.08.2022) നല്കിയ മറുപടിയിൽ നിലവിലുള്ള പ്രതിമാസ ബില്ലുകൾ കൃത്യമായി ഒടുക്കുന്നുണ്ടെന്നും കുടിശ്ശിക സംബന്ധിച്ച കത്തിടപാടുകൾ വാട്ടർ അതോറിറ്റിയുമായി നടത്തിയിട്ടുണ്ടെങ്കിലും വ്യക്തമായ ഒരു മറുപടി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാവാത്തതിനാലാണ് തുക ഒടുക്കാത്തതെന്നുമറിയിച്ചു. വാട്ടർ ബില്ലുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഫയൽ (നം.AC-7973/13) പരിശോധിച്ചതിൽ നാളിതുവരെയുള്ള ഫൈൻ ഒഴിവാക്കി നല്കുകയാണെങ്കിൽ കുടിശ്ശിക പൂർണമായും ഒടുക്കുന്നതാണെന്ന് 18.10.2016-ലെ എ/സി-7973/13 നമ്പർ കത്ത് പ്രകാരം വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഒരു തീരുമാനം നാളിതുവരെയായും വാട്ടർ അതോറിറ്റി കൈക്കൊണ്ടതായി കാണുന്നില്ല. ഈ വിഷയത്തിൽ എത്രയും വേഗത്തിൽ ഒരു തീരുമാനം കൈക്കൊണ്ട് കുടിശ്ശിക തീർപ്പാക്കി പഞ്ചായത്തിന്റെ സാമ്പത്തിക ബാധ്യത വർദ്ധിക്കുന്നത് ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല.

പ്രോജക്ട് നമ്പർ- 102/22

പാണ്ഡ്യാലക്കൽ - കാക്കരി റോഡ് മെറ്റലിംഗ് & ടാറിംഗ്

കരാറുകാരൻ- കെ.ഭാർഗ്ഗവൻ

അടങ്കൽ- 250000/-മെയിന്റനൻസ് ഗ്രാന്റ്

എഗ്രിമെന്റ് വെച്ച് സൈറ്റ് ഏറ്റെടുത്ത തിയതി- 25.11.2019

പൂർത്തീകരണ കാലയളവ്- 3 മാസം

പി.എ.സി-219211/-, ബിൽ നമ്പർ- 4/9.6.2021

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2112-1, 2016-1 എന്നിവ പ്രകാരം ഫൈൻ ഈടാക്കിയിട്ടില്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് കരാറുകാരൻ ആവശ്യപ്പെടുകയോ അപ്രകാരം അനുവദിച്ചു നൽകുകയോ ചെയ്തിട്ടില്ല.

എഗ്രിമെന്റ് പ്രകാരം പൂർത്തിയാക്കേണ്ട തിയതി- 24.2.2020

യഥാർത്ഥത്തിൽ പ്രവൃത്തി പൂർത്തിയാക്കിയ തിയതി- 16.2.2021

മേൽ സൂചിപ്പിച്ച വിധം പ്രത്യേക കാരണങ്ങളൊന്നുമില്ലാതെ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് നിയമാനുസൃതമായ ഫൈൻ ചുവടെ ചേർക്കുന്നവിധം ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

| കാലയളവ് | ഈടാക്കേണ്ട ഫൈൻ |
|---|---|

| | | |
|---|---|---|
| 25.2.2020 മുതൽ 24.5.20വരെ | 219211 X 1% | 2192 |
| 25.5.2020 മുതൽ 24.8.20വരെ | 219211 X 2% | 4384 |
| 25.8.2020 മുതൽ 24.11.20വരെ | 219211 X 2% | 4384 |
| 25.11.2020 മുതൽ 16.2.21വരെ | 219211 X 2%x66÷90 | 3215 |
| ആകെ | | 14175/- |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (13/20.8.22) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് പ്രതിസന്ധിമൂലം വാഹന ഗതാഗതവും നിർമ്മാണപ്രവൃത്തികളും നിരോധിക്കപ്പെട്ടതിനാലാണ് പൂർത്തീകരണ കാലാവധി നീണ്ടുപോയതെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. കാരണം കോവിഡ് പ്രതിസന്ധിമൂലം രാജ്യത്ത് ലോക്ക്ഡൗൺ നിലവിൽ വരുന്നതും നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സമുണ്ടാകുന്നതും 24.3.2020മുതലാണ്. 24.2.2020ൽ പൂർത്തിയാക്കേണ്ട ഈ പ്രവൃത്തിക്ക് മേൽ സൂചിത ലോക്ക്ഡൗൺ കാരണമായി എന്നത് ഒരു കാരണവശാലും അംഗീകരിക്കാവുന്നതല്ല. ആകയാൽ ഫൈൻ ഇനത്തിൽ ഈടാക്കേണ്ട 14175/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 കൃഷി ഓഫീസ് ചെലവുകൾക്ക് വികസന ഫണ്ട് ഉപയോഗിച്ചു.

പ്രോജക്ട് നം S0014/22- സുഭിക്ഷകേരളം -കിഴങ്ങുകൃഷി വ്യാപനം (വനിതാ ഗ്രൂപ്പുകൾക്ക്)

അടങ്കൽ-341875/-

310000/-(വികസന ഫണ്ട് പൊതുവിഭാഗം), 31875/-ഗുണഭോക്തൃവിഹിതം

<u>ചെലവ്</u>

310000/-(ബിൽ നം 6/22 തീ.18.2.22)

ഗുണ.വിഹിതം-31875/-

സുഭിക്ഷകേരളം പദ്ധതിയിലുൾപ്പെടുത്തി 85 വനിതാ ഗ്രൂപ്പുകൾക്ക് കിഴങ്ങുവർഗങ്ങളും വളവും (ഒരു ഗ്രൂപ്പിന് 25 Kg എല്ലുപൊടി, 30 Kg ചേന, 28kg ചേമ്പ്) വിതരണം ചെയ്യാനുദ്ദേശിച്ച പ്രോജക്ടാണിത്. പദ്ധതി പ്രകാരം കെയ്ക്കോയിൽ നിന്നും ലഭിച്ച കിഴങ്ങുവർഗങ്ങളും വളവും 85 വനിതാ ഗ്രൂപ്പുകൾക്കും മേൽ സൂചിപ്പിച്ച അളവിൽ വിതരണം ചെയ്തിട്ടുണ്ട്.

പ്രോജക്ട് നടപ്പലാക്കിയതുമായി ബന്ധപ്പെട്ട ചെലവുകൾക്ക് 331875/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണുള്ളത്. ഈ പ്രോജക്ട് പ്രകാരം തന്നെ പിൻവലിച്ചിട്ടുള്ള 10000/- രൂപയ്ക്ക് കൃഷി ഓഫീസിന്റെ ദൈനംദിന ചെലവുകളുടെ രേഖകളാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രോജക്ട് പ്രകാരം വകയിരുത്തിയ വികസനഫണ്ടിൽ നിന്നും കണ്ടിജന്റ് ചെലവുകൾക്കായി 10000/- രൂപ ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (1/11.8.2022) നൽകിയതിനു കൃഷിഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് റിവൈസ് ചെയ്യാനുള്ള അപേക്ഷ പഞ്ചായത്തിൽ സമർപ്പിച്ചിരുന്നെങ്കിലും പദ്ധതിക്ക് കൂടുതൽ തുക വേണമെന്ന് താൻ ആവശ്യപ്പെട്ടിരുന്നില്ല എന്നും , എന്നാൽ പ്രോജക്ടിൽ 10000/-രൂപ കൂടി ഉൾപ്പെടുത്തണമെന്ന് 22.1.22ൽ പ്ലാൻ ക്ലാർക്ക് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഓഫീസ് എക്സ്പെൻസിനായി 10000/-രൂപ വകയിരുത്തി പ്രോജക്ട് നടപ്പിലാക്കിയത്. ഓഫീസ് എക്സ്പെൻസിനായി പിൻവലിച്ച തുക കൃഷി ഓഫീസറുടെ സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിൽ ഉണ്ടെന്നും ആയത് താൻ കൈപ്പറ്റിയിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. കണ്ടിജന്റ് ,ചെലവുകൾക്കായി വികസനഫണ്ടിൽ നിന്നും മാറിയിട്ടുള്ള 10000/- രൂപ തിരിക ബന്ധപ്പെട്ട ഹെഡിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1-22 ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തില്ല

പഞ്ചായത്തിലെ ക്ഷേമ പെൻഷൻ വിതരണ വിവരങ്ങൾ 2021-22 രജിസ്റ്റർ ചെയ്തിട്ടുള്ള മരിച്ചവരുടെ വിവരങ്ങളുമായി ഒത്തുനോക്കിയതിൽ ക്ഷേമപെൻഷൻ സസ്പെൻഡ് ചെയ്തിരിക്കുന്നതിലെ കാലതാമസംമൂലം അനർഹമായകാലയളവിലെ പെൻഷൻതുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പേര് /വിലാസം | പെൻഷൻ തരം/ഐഡി നമ്പർ | മരിച്ചതീയതി/ സസ്പെൻഡ് ചെയ്ത തീയതി | അനർഹമായ കാലയളവ് | നൽകിയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | അന്നമ്മ തോമസ്, ആറാട്ടുകുളം | വാർദ്ധക്യകാല പെൻഷൻ, 104310200111 | 14.1.2021/ 18.10.2021 | 2/21 മുതൽ 9/21 വരെ | 12600/- (2/21-3/21 @1500 ,4/21-9/21 @1600) |
| 2 | പ്രഭാവതി,മഹേന്ദ്ര ഭവനം | വിധവ പെൻഷൻ 104310600202 | 11.2.21/ 18.10.21 | 3/21 മുതൽ 9/21 വരെ | 11100/- 3/21 @1500/- 4/21-9/21 @1600) |
| 3 | ചിന്നമ്മ ജോസഫ് ,പാല്യത്തുതയ്യിൽ | വാർദ്ധക്യകാല പെൻഷൻ,1 04310200847 | 20.12.2020 സസ്പെൻഡ് ചെയ്തിട്ടില്ല | 1/21 മുതൽ 7/22 വരെ | 11400/- @600/- |
| 4 | സി.പി.ദേവദാസ് കമ്മത്ത്,ചേലങ്ങാട്ട് വീട് | വാർദ്ധക്യകാല പെൻഷൻ, 104310200490 | 13.4.21/ 20.7.21 | 5/21 ,6/21 | 3200/- @1600/- |
| 5 | കമല ,പ്രസന്നപുരം | വാർദ്ധക്യകാല പെൻഷൻ, 104310200631 | 12.4.2021/ 18.10.21 | 5/21 -9/21 | 3000/- @600/- |
| 6 | സേവ്യർ ജോസഫ് ,കുന്നേൽ | വാർദ്ധക്യകാല പെൻഷൻ, 104310201524 | 14.5.2021/ 18.10.2021 | 6/21-9/21 | 2400/- @600/- |
| 7 | ലക്ഷ്മണൻ ,നിവർത്തിൽ വീട് | വാർദ്ധക്യകാല പെൻഷൻ, 104310200436 | 10.5.21/ 18.10.21 | 6/21-9/21 | 6400/- @1600/- |
| 8 | ബാഹുലേയൻ കളത്തുംമുറി | വാർദ്ധക്യകാല പെൻഷൻ, 104310200033 | 26.5.21/ 18.10.21 | 6/21-9/21 | 6400/- @1600/- |
| 9 | സുരേന്ദ്രൻ സന്ദീപ് ഭവൻ | വാർദ്ധക്യകാല പെൻഷൻ, 104310201011 | 15.6.21/ 18.10.21 | 7/21-9/21 | 1800/- @600/- |
| 10 | വർഗീസ്,തയ്യിൽ ഹൗസ് | വാർദ്ധക്യകാല പെൻഷൻ, 104310202123 | 26.7.21 സസ്പെൻഡ് ചെയ്തിട്ടില്ല | 8/21-6/22 | 17600/- @1600/- |
| 11 | സെലിൻ യേശുദാസ് കുടിയാംശേരി | വാർദ്ധക്യകാല പെൻഷൻ, 104310200298 | 23.7.21 സസ്പെൻഡ് ചെയ്തിട്ടില്ല | 8/21-6/22 | 17600/- @1600/- |
| ആകെ | | | | | 93500/- |

അനർഹമായകാലയളവിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതിനാൽ ടി തുക അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി കേരളബാങ്കിലെ പെൻഷൻ അക്കൗണ്ടിലേക്ക് ഒടുക്കുവരുത്തിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതും സസ്പെൻഡ് ചെയ്യാത്തവരുടെ പെൻഷൻ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യേണ്ടതുമാണ്.

സഹകരണബാങ്കുകൾ വഴി നേരിട്ട് പെൻഷൻ കൈപ്പറ്റുന്നവരുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്നതുമൂലം തുക വ്യക്തികൾക്ക് കൈമാറാൻ സാധിക്കാതെ സഹകരണ ബാങ്കുകളുടെ അക്കൗണ്ടിൽ നിലനിൽക്കുന്നതായാണ് ഡിബിടി റിപ്പോർട്ടിൽ കാണുന്നത് .വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ | പേര് | പെൻഷൻ | മരിച്ചതീയതി/ | അനർഹമായ | തുക |
|---|---|---|---|---|---|

| നം | | തരം/ഐഡി നമ്പർ | സസ്പെൻഡ് ചെയ്ത തീയതി | കാലയളവ് | |
|---|---|---|---|---|---|
| 1 | അന്നമ്മ ,പള്ളിപ്പറമ്പിൽ | വാർദ്ധക്യകാല പെൻഷൻ, 104310200018 | 27.5.2021/ 18.10.2021 | 5/21 മുതൽ 9/21 വരെ | 8000/- @1600/- |
| 2 | പെണ്ണാച്ചി ,ശാന്തി നിവാസ് | 104310500038 | 22.5.21/ 20.7.22 | 5/21 മുതൽ 6/22 വരെ | 22400/- @1600/- |

സഹകരണബാങ്കുകളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന ടി തുകകൾ അതാത് ബാങ്കുകൾ കേരള ബാങ്കിലെ പെൻഷൻ അക്കൗണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെ വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 8/17.8.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയതുപ്രകാരം അനർഹമായ കാലയളവിലെ പെൻഷൻ തുക ബാങ്ക് അക്കൌണ്ടിൽ നിന്നും കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സസ്പെൻഡ് ചെയ്യാതിരുന്ന ഗുണഭോക്താക്കളുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തതിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

പുനർവിവാഹം/മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽനിന്നും ടിയാളെ സമയബന്ധിതമായി ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ സമയബന്ധിതമായി സേവന ഡേറ്റാബേസിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടതാണ്. ആയതിന് സർക്കാർ ഉത്തരവ് (എം.എസ്)നം.97/2020 ധന.തീയതി 23.9.2020 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

1) പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ പെൻഷൻ വിതരണത്തിനുശേഷവും മരണപ്പെട്ടവരുടെ വിവരം ശേഖരിച്ച് അന്വേഷണത്തിനുശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

2) മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി/ ആശ വർക്കർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

3) പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം അനന്തരവകാശികൾ പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തുക അനന്തരവകാശികളിൽ നിന്ന് തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടേണ്ടതാണ്.

മേൽ സൂചിപ്പിച്ചിട്ടുള്ള പെൻഷൻ തുക 93500/- രൂപ തിരികെ സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതു വരെ സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 1-23 മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാരിൽ നിന്നും വരുമാന നികുതി ശ്രോതസ്സിൽ കുറവ് ചെയ്യുന്നില്ല.

തൊഴിലുറപ്പ് പദ്ധതി പ്രകാരം മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാരിൽ നിന്നും വരുമാന നികുതി സ്രോതസ്സിൽ കുറവ് ചെയ്യുന്നില്ല.

2021-22 ൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാർ/വിവിധ വർക്കുകൾക്ക് ഡിസ്‌പ്ലേ ബോർഡ് സപ്ലൈ ചെയ്ത കരാറുകാർ എന്നിവരിൽ നിന്നും വരുമാന നികുതി സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല. വരുമാന നികുതി സെക്ഷൻ 194C പ്രകാരം ഒറ്റ തവണ 30,000/-രൂപയിലധികമോ ഒരു സാമ്പത്തിക വർഷം 1,00,000/- രൂപയിലധികമോ കരാർ പ്രവൃത്തികൾക്ക് നൽകുകയാണെങ്കിൽ 1% നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം താഴെ പറയുന്ന കരാറുകാർക്ക് മെറ്റീരിയൽസ്/ ഡിസ്‌പ്ലേ ബോർഡ് എന്നിവ സപ്ലൈ ചെയ്തിന് പല ബില്ലുകളിലായി തൻവർഷം 1,00,000/- കൂടുതൽ തുക നൽകിയിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും മേൽ സൂചിപ്പിച്ച വിധം 1% വരുമാന നികുതി ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | ഇനം |
|---|---|---|
| 1 | ശ്രീ.അജീഷ് | മെറ്റീരിയൽസ് |
| 2 | ശ്രീ.പി.കെ. ദിവാകരൻ | മെറ്റീരിയൽസ് |
| 3 | ശ്രീ.റെനിൻ ബേബി, മാത്തിക്കുന്നേൽ മുട്ടുചിറ, കോട്ടയം | ഡിസ്‌പ്ലേ ബോർഡ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/20.8.2022) ലഭ്യമാക്കിയ മറുപടിയിൽ 1% നിരക്കിൽ വരുമാന നികുതി ഈടാക്കി ഒടുക്ക് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള കരാറുകാർക്ക് തൻവർഷം ആകെ നൽകിയിട്ടുള്ളതും/നൽകാനവശേഷിക്കുന്നതുമായ തുക (നൽകുന്ന മുറയ്ക്ക്) കണക്കാക്കി നിയമാനുസൃതമായ വരുമാന നികുതി ഈടാക്കി ഒടുക്ക് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-24 കാലിവീപ്പയുടെ വില-തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്കഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ കാലിവീപ്പയുടെ വില ഈടാക്കി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ജി.എസ്.ടി ഉൾപ്പെടെ 281രൂപനിരക്കിൽ ഈടാക്കിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | 104/22 കൃസ്തുരാജ് കോനാട്ടുശ്ശേരി റോഡ് മെയിന്റനൻസ് | മെയിന്റനൻസ് ഗ്രാന്റ് | 5ബാരൽ | 1405 | 1/9.6.21 , 229366/- |
| 2 | 102/22 പാണ്ഡ്യാതക്കൽ കാക്കരി റോഡ് മെറ്റലിംഗ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് | 4ബാരൽ | 1123 | 4/9.6.21, 177424 |
| 3 | 121/22 കണ്ടമംഗലം കൊട്ടാരത്തിൽ റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് | 11ബാരൽ | 3089 | 5/15.6.22 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (15/20.8.22) ലഭ്യമാക്കിയ മറുപടിയിൽ ടാക്സ് ഡിഡക്റ്ററുടെ രജിസ്ട്രേഷൻ മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർക്കുള്ളതെന്നും ആകയാൽ പ്രസ്തുത തുക ഒടുക്ക് വരുത്തുന്നതിന് വിശദമായ ലിസ്റ്റ് സഹിതം പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കാലിവീപ്പയുടെ വില ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്കും നികുതി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-25 ജി.എസ്.ടി വകുപ്പിലേക്ക് അടക്കേണ്ടിയുരുന്ന നികുതി പദ്ധതിപ്പണത്തിൽ തന്നെ നിക്ഷേപിക്കപ്പെട്ടു.

പ്രോജക്ട് നം, പേര് – 38/22 ചെറയാപറമ്പ് പനക്കൽ റോഡ് മെറ്റലിംഗ് ടാറിംഗ്
ധനകാര്യകമ്മീഷൻ ഗ്രാന്റ്- 291535/-

പ്ലാൻ ഫണ്ട് പൊതുവിഭാഗം- 208465/-
ആകെ500000/-

കരാറുകാരൻ- രാജേഷ്. സി

ബിൽ നമ്പർ-27/9.2.22- 208465

ചെക്ക് നം 1632413/11.2.22 - 277058

കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ റോഡ് ടാറിംഗ് പ്രവർത്തികളിൽ പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ മേൽ പറയുന്ന പ്രവൃത്തിയിൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും കുറവ് ചെയ്താണ് തുക പിൻവലിച്ചത്. തന്മൂലം ജി.എസ്.ടിയിനത്തിൽ ജി.എസ്.ടി വകുപ്പിലേക്ക് അടക്കേണ്ടിയിരുന്ന നികുതിയും {344രൂപ (8ബാരൽ@43/-)} പദ്ധതിപ്പണത്തിൽ തന്നെ നിക്ഷേപിക്കപ്പെട്ടു. കാലിവീപ്പയുടെ ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (14/20.8.22) ലഭ്യമാക്കിയ മറുപടിയിൽ ടാക്സ് ഡിഡക്ടറുടെ രജിസ്ട്രേഷൻ മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർക്കുള്ളതെന്നും ആകയാൽ പ്രസ്തുത തുക ഒടുക്ക് വരുത്തുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-26 പ്രവൃത്തിമൂല്യം ഭരണാനുമതി/ സാങ്കേതികാനുമതി തുകകളിൽ പരിമിതപ്പെടുത്തിയില്ല- അധികചെലവ്.

കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികളിൽ പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ആകെ പ്രവൃത്തിമൂല്യം ഭരണാനുമതി/ സാങ്കേതികാനുമതി തുകകളിൽ പരിമിതപ്പെടുത്താതെ കാലിവീപ്പയുടെ വില കുറവ് ചെയ്തശേഷമുള്ള തുക മാത്രം പരിമിതപ്പെടുത്തിയതുമൂലം കരാറുകാരന് അധികം തുക നൽകുവാനിടയായി. ഇതുമൂലം കാലിവീപ്പയുടെ വില ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ഒടുക്ക് വരുത്തുവാൻ സാധിച്ചിട്ടില്ല. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/ പേര്/ ഫണ്ടിനം | കരാറുകാരൻ | ആകെ പ്രവൃത്തി മൂല്യം | AS/TS/ അടങ്കൽ തുക | പരിമിത പ്പെടുത്തിയ ശേഷം കരാറുകാരന് നൽകാവുന്ന തുക | കരാറുകാരന് നൽകിയ തുക | അധികം | ബിൽ നമ്പർ |
|---|---|---|---|---|---|---|---|---|
| 1 | 22/22 കരശിങ്കൽ റോഡ് മെറ്റലിംഗ്-ടാറിംഗ്- മെയിന്റനൻസ് ഗ്രാന്റ് | അതുൽ സഞ്ജയ് | 522994 | 500000/- | 500000-[2248 (ബാരൽ വില) +18680 (നികുതികൾ)] =479072/- | 481320/- | 2248/- | 18/21.1.22, 500000/- |
| 2 | 33/22 കണ്ടമംഗലം വെമ്പള്ളി റോഡ് മെറ്റലിംഗ്-ടാറിംഗ്- മെയിന്റനൻസ് ഗ്രാന്റ് | പി.എസ്. സുനിൽകുമാർ | 544260 | 500000/- | 500000-[2529 (ബാരൽ വില) +19436 (നികുതികൾ)] =478035/- | 480564 | 2529 | 21/27.1.22 500000/- |
| 3 | 27/22 പ്ലാപ്പറമ്പ് വലിയപറമ്പ് റോഡ് ടാറിംഗ് മെയിന്റനൻസ് ഗ്രാന്റ് | രാജേഷ്. സി | 543532 | 500000/- | 500000-[2529 (ബാരൽ വില) +19412 (നികുതികൾ)] =478059/- | 480588 | 2529 | 29/11.2.22, 28/11.2.22, ചെക്ക് 86191/ 23.2.22 |
| 4 | 36/22 ആഷാലയം മാമ്പുരയ്ക്കൽ റോഡ് ടാറിംഗ് മെയിന്റനൻസ് ഗ്രാന്റ് | വൻഭാർഗ്ഗ | 542690 | 500000 | 500000-[2529 (ബാരൽ വില) +19380 (നികുതികൾ)] =478091/- | 480620 | 2529 | 42/19.3.22 |
| 5 | 34/22 കൊച്ചുപറമ്പ് ചെങ്ങളത്ത് റോഡ് ടാറിംഗ് മെയിന്റനൻസ് ഗ്രാന്റ് | മനോജ് കുമാർ | 532085 | 500000 | 500000-[1967 (ബാരൽ വില) +19004 (നികുതികൾ)] =479029/- | 480996 | 1967 | 22/31.1.22 |
| 6 | 35/22 കണ്ടച്ചാം പറമ്പ് റോഡ് മെറ്റലിംഗ്-ടാറിംഗ്- മെയിന്റനൻസ് ഗ്രാന്റ് | മനോജ് കുമാര് | 535002 | 500000 | 500000-[2248 (ബാരൽ വില) +19108 (നികുതികൾ)] =478644/- | 480892 | 2248 | 23/3.1.22 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | 31/22 പാട്ടത്തിൽമഠം മൂലേച്ചിറ റോഡ് | അജീഷ്.എസ് | 542417 | 500000 | 500000-[2529 (ബാരൽ വില) +19372 (നികുതികൾ)] =478099/- | 480628 | 2529 | 30,31/ 15.2.22, 47/23.3.22 |
| 8 | 37/22 ചേനപ്പറമ്പ് റോഡ് | ഭാർഗ്ഗവൻ.കെ | 532246 | 500000 | 500000-[1686 (ബാരൽ വില) +19008 (നികുതികൾ)] =479306/- | 480992 | 1686 | 41/19.3.22, 37/8.3.22 |
| 9 | 24/22 ലോട്ടസ് ഇല്ലിക്കൽ റോഡ് | അതുൽ സഞ്ജയ് | 542132 | 500000 | 500000-[2529 (ബാരൽ വില) +19360 (നികുതികൾ)] =478111/- | 480640 | 2529 | 25/31.1.22 |
| 10 | 141/22 പാണ്ഡ്യാലക്കൽ കാക്കരി റോഡ് | അതുൽ സഞ്ജയ് | 508221 | 500000 | 500000-[2529 (ബാരൽ വില) +18152 (നികുതികൾ)] =479319/- | 481848 | 2529 | 19,20/21.1.22 |
| 11 | 29/22 ഒതേക്കാട് പുളിച്ചുവട് റോഡ് ടാറിംഗ് | അജീഷ്.എസ് | 542768 | 500000 | 500000-[3372 (ബാരൽ വില) +19384 (നികുതികൾ)] =477244/- | 480616 | 3372 | 32/15.2.22 |
| 12 | 30/22 16-ാം മൈൽ തത്തനാട് റോഡ് | ഭാർഗ്ഗവൻ | 539958 | 500000 | 500000-[2529 (ബാരൽ വില) +19284 (നികുതികൾ)] =478187/- | 480716 | 2529 | 43/19.3.22 |
| 13 | 28/22 ആയുർവ്വേദ ആശുപത്രി പെരുവേലി റോഡ് | മനോജ്കുമാർ | 540025 | 500000 | 500000-[3372 (ബാരൽ വില) +19288 (നികുതികൾ)] =477340/- | 480712 | 3372 | 26/5.2.22 |
| | | ആകെ | | | | | 32596 | |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം ആകെ പ്രവൃത്തിമൂല്യം ഭരണാനുമതി/ സാങ്കേതികാനുമതി തുകകളിൽ പരിമിതപ്പെടുത്താതിരുന്നുമൂലം കരാറുകാർക്ക് അധികം നൽകിയ തുകകൾ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി അതത് ഫണ്ടുകളിലേക്കും നികുതികൾ പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (12/19.8.22) ലഭ്യമാക്കിയ മറുപടിയിൽ മേൽ പദ്ധതികളെല്ലാം തന്നെ സർക്കാർ നിർദ്ദേശാനുസരണം ടെണ്ടർ എക്സസ് നൽകാവുന്നവയാണ്. ആയതിനായി 2022-23സാമ്പത്തിക വർഷം പ്രത്യേകം പ്രോജക്ടുകൾ വെക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കുന്ന വേളയിൽ മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളവിധം നിലവിൽ കരാറുകാർക്ക് അധികം നൽകിയിട്ടുള്ള 32596/-രൂപ തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-27 വിവിധ തോട് നവീകരണ പ്രവൃത്തികൾ - ജി.എസ്.ടി അധികനിരക്കിൽ നൽകി.

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ ആകെ കരാർ പ്രവൃത്തിമൂല്യത്തിന്റെ 75%ൽ അധികവും എർത്ത് വർക്കാണ്. 2017ലെ CGST ആക്ട് സെക്ഷൻ 2 ക്ലോസ് 119പ്രകാരം കരാർ പ്രവൃത്തി മൂല്യത്തിന്റെ 75%ൽ അധികം എർത്ത് വർക്കാണെങ്കിൽ 5% GST മാത്രമാണ് ബാധകമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (Composit Supply Of Works Contract As Defined In Clause 119 Of Sec 2 Of The CGST Act 2017 Involving Predominantly Earth Work Ie, Constituting More Than 75% Of The Value Of Work In Contract Provided To Central Government, State Govt., Union Territory, Local Authority, A Govt. Authority Or A Govt. Entity GST Will Be Applicable On 5%). എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികളിൽ 12% GST നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | കരാറുകാരൻ | എർത്ത് വർക്ക് എസ്കവേഷൻ ചെയ്ത അളവ് | എർത്ത് വർക്കിന് നൽകിയ തുക | ആകെ പ്രവൃത്തി മൂല്യം | പ്രവൃത്തി മൂല്യം ശതമാന കണക്കിൽ | GST അനുവദിച്ചത് 12% | GST അനുവദനീയം 5% | അധികം നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|---|---|---|---|---|
| 1 | 89/22 വലിയ പറമ്പ് തോട് നവീകരണം | അജീഷ് | $1806m^3$ | @88.52/$m^3$ = 159867 | 178288/- | 89.66% | 21394 | 8914 | 12480 | 5515002 /31.12.21 |
| 2 | 79/22 പതിയാ പറമ്പ് തോട് നവീകരണം | ഭാർഗ്ഗവൻ | $1690m^3$ | @88.52/$m^3$ = 149599 | 176101 | 85% | 21132 | 8805 | 12327 | 855279 /29.3.22 |
| 3 | 83/22 കൊച്ചാംചിറ തോട് നവീകരണം | സപ്നമി. സി.വി | $1757.5m^3$ | @88.52/$m^3$ = 155574 | 178064.5 | 87.37% | 21368 | 8903 | 12465 | 857127 /6.4.22 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 4 | 115/22 നീലിവേലിച്ചിറ തോട് | നവാസ്. വി.കെ | 1210.25$m^3$ | @85.8/$m^3$ = 103839 | 111774 | 92.9% | 13413 | 5589 | 7824 | 12/ 28.10.21 |
| 5 | 114/22 ചാലിൽ മുതൽ നിവർത്തിൽ വരെ തോട് | നവാസ്. വി.കെ | 1184.625$m^3$ | @79.2/$m^3$ = 93822 | 103542 | 90.6% | 12425 | 5177 | 7248 | 11/ 28.10.21 |
| 6 | 84/22 കൊലയെണ്ണിപ്പറമ്പ് തോട് | വരദകമാർ | 1703.4$m^3$ | @88.52/$m^3$ = 150785 | 177953 | 84.7% | 21355 | 8898 | 12457 | 854697 /6.4.22 |
| 7 | 118/22 മഞ്ചാടിക്കൽ തോട് ശുചീകരണം | ഭാർഗ്ഗവൻ | 1089$m^3$ | @88.5/$m^3$ = 96376 | 106979 | 90% | 12837 | 5349 | 7488 | 9/ 28.10.21 |
| 8 | 113/22 തങ്കി ബണ്ട് പാലം തോട് | നവാസ് | 1190.44$m^3$ | @79.2/$m^3$ = 94283 | 100690 | 93.6% | 12083 | 5035 | 7048 | 10/ 28.10.21 |
| 9 | 112/ കണ്ണന്തറ പൊഴിച്ചാൽ തോട് | നവാസ് | 1163.75$m^3$ | @79.2/$m^3$ = 92169 | 103593 | 88.9% | 12431 | 5180 | 7251 | 15/ 20.11.21 |
| 10 | 76/22 തറമേൽ ഭാഗം തോട് | സപ്തമി | 1700.$m^3$ | @88.52/$m^3$ = 150484 | 178397 | 84.3% | 21407 | 8920 | 12487 | 214473 /10.3.22 |
| 11 | 87/22 പാണ്ഡ്യാലക്കൽ ചെറിയാ പറമ്പ് തോട് | ഭാർഗ്ഗവൻ | 1785$m^3$ | @88.52/$m^3$ = 158008 | 178184 | 79% | 21382 | 8909 | 12473 | 2487280 /18.2.22 |
| 12 | 78/22 പുന്നക്കൽ കന്നംപുറം തോട് | ഭാർഗ്ഗവൻ | 912$m^3$ | @88.52/$m^3$ = 80730 | 88441 | 91% | 10612 | 4422 | 6190 | 3343755 /18.1.22 |
| 13 | 77/22 മാളിയേക്കൽ പറമ്പ് തോട് | വരദകമാർ | 936$m^3$ | @88.52/$m^3$ = 82854 | 89023 | 93% | 10682 | 4451 | 6231 | 74474 /1.2.22 |
| 14 | 80/22 കളപ്പുരക്കൽ തോട് | ഭാർഗ്ഗവൻ | 1706$m^3$ | @88.52/$m^3$ = 151015 | 170036 | 88% | 20404 | 8502 | 11902 | 1510903 /10.2.22 |
| | | | | | ആകെ | | | | 135871 | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (16/20.8.22) ലഭ്യമാക്കിയ മറുപടിയിൽ 12% ജി.എസ്.ടി നൽകിയത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി നൽകിയതിനാലാണെന്നും ഇനിയുള്ള പ്രവൃത്തികളിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളവിധം ജി.എസ്.ടിയിനത്തിൽ അധികം നൽകിയ 135871/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-28 ലൈഫ് ഭവന പദ്ധതി- നിർമാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷം ആദ്യ ഗഡു കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായും ഭവന നിർമാണം പൂർത്തിയാക്കിയതായി കണ്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | രജിസ്റ്ററിലെ ക്രമ നം | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | രജി ബംഗ്ലാവുങ്കൽ | 10 (ബുക്ക് നം.1) | 17.08.2018 | 360000 |
| 2 | അൽഫോൺസ കോശി കളത്തിൽ | 21 (ബുക്ക് നം.1) | 26.12.2018 | 360000 |
| 3 | ഷീല (സിബി), ചീതംതറയിൽ | 39 (ബുക്ക് നം.1) | 10.07.2018 | 360000 |
| 4 | തുളസി കാട്ടുങ്കൽ | 45 (ബുക്ക് നം.1) | 11.07.2018 | 360000 |
| 5 | ത്രേസ്യാമ്മ, പാല്യത്തുറുതയ്യിൽ | 56 (ബുക്ക് നം.1) | 10.07.2018 | 360000 |
| 6 | വൽസല നികർത്തിൽ | 52 (ബുക്ക് നം.2) | 10.07.2018 | 360000 |
| 7 | മിനി.കെ.എൽ, ദൈവ പുരയ്ക്കൽ | 57 (ബുക്ക് നം.2) | 26.12.2018 | 350000 |

മേൽ ഗുണഭോക്താക്കൾക്ക് ഭവന നിർമാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദേശം നല്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിവിധ തോട് നവീകരണ പ്രവൃത്തികൾ - ജി.എസ്.ടി അധികനിരക്കിൽ നൽകി.

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ ആകെ കരാർ പ്രവൃത്തിമൂല്യത്തിന്റെ 75%ൽ അധികവും എർത്ത് വർക്കാണ്. 2017ലെ CGST ആക്ട് സെക്ഷൻ 2 ക്ലോസ് 119പ്രകാരം കരാർ പ്രവൃത്തി മൂല്യത്തിന്റെ 75%ൽ അധികം എർത്ത് വർക്കാണെങ്കിൽ 5% GST മാത്രമാണ് ബാധകമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (Composit Supply Of Works Contract As Defined In Clause 119 Of Sec 2 Of The CGST Act 2017 Involving Predominantly Earth Work Ie, Constituting More Than 75% Of The Value Of Work In Contract Provided To Central Government, State Govt., Union Territory, Local Authority, A Govt. Authority Or A Govt. Entity GST Will Be Applicable On 5%). എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികളിൽ 12% GST നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | കരാറുകാരൻ | എർത്ത് വർക്ക് എസ്കവേഷൻ ചെയ്ത അളവ് | എർത്ത് വർക്കിന് നൽകിയ തുക | ആകെ പ്രവൃത്തി മൂല്യം | പ്രവൃത്തി മൂല്യം ശതമാന കണക്കിൽ | GST അനുവദിച്ചത് 12% | GST അനുവദനീയം 5% | അധികം നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|---|---|---|---|---|
| 1 | 89/22 വലിയ പറമ്പ് തോട് നവീകരണം | അജീഷ് | 1806$m^3$ | @88.52/$m^3$ = 159867 | 178288/- | 89.66% | 21394 | 8914 | 12480 | 5515002 /31.12.21 |
| 2 | 79/22 പതിയാ പറമ്പ് തോട് നവീകരണം | ഭാർഗ്ഗവൻ | 1690$m^3$ | @88.52/$m^3$ = 149599 | 176101 | 85% | 21132 | 8805 | 12327 | 855279 /29.3.22 |
| 3 | 83/22 കൊച്ചാംചിറ തോട് നവീകരണം | സപ്തമി. സി.വി | 1757.5$m^3$ | @88.52/$m^3$ = 155574 | 178064.5 | 87.37% | 21368 | 8903 | 12465 | 857127 /6.4.22 |
| 4 | 115/22 നീലിവേലിച്ചിറ തോട് | നവാസ്. വി.കെ | 1210.25$m^3$ | @85.8/$m^3$ = 103839 | 111774 | 92.9% | 13413 | 5589 | 7824 | 12/ 28.10.21 |
| 5 | 114/22 ചാലിൽ മുതൽ നിവർത്തിൽ വരെ തോട് | നവാസ്. വി.കെ | 1184.625$m^3$ | @79.2/$m^3$ = 93822 | 103542 | 90.6% | 12425 | 5177 | 7248 | 11/ 28.10.21 |
| 6 | 84/22 കൊലയെണ്ണിപ്പറമ്പ് തോട് | വരദകുമാർ | 1703.4$m^3$ | @88.52/$m^3$ = 150785 | 177953 | 84.7% | 21355 | 8898 | 12457 | 854697 /6.4.22 |
| 7 | 118/22 മഞ്ചാടിക്കൽ തോട് ശുചീകരണം | ഭാർഗ്ഗവൻ | 1089$m^3$ | @88.5/$m^3$ = 96376 | 106979 | 90% | 12837 | 5349 | 7488 | 9/ 28.10.21 |
| 8 | 113/22 തങ്കി ബണ്ട് പാലം തോട് | നവാസ് | 1190.44$m^3$ | @79.2/$m^3$ = 94283 | 100690 | 93.6% | 12083 | 5035 | 7048 | 10/ 28.10.21 |
| 9 | 112/ കണ്ണന്തറ പൊഴിച്ചാൽ തോട് | നവാസ് | 1163.75$m^3$ | @79.2/$m^3$ = 92169 | 103593 | 88.9% | 12431 | 5180 | 7251 | 15/ 20.11.21 |
| 10 | 76/22 തറമേൽ ഭാഗം തോട് | സപ്തമി | 1700.$m^3$ | @88.52/$m^3$ = 150484 | 178397 | 84.3% | 21407 | 8920 | 12487 | 214473 /10.3.22 |
| 11 | 87/22 പാണ്ഡ്യാലക്കൽ ചെറിയാ | ഭാർഗ്ഗവൻ | 1785$m^3$ | @88.52/$m^3$ = 158008 | 178184 | 79% | 21382 | 8909 | 12473 | 2487280 /18.2.22 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | പറമ്പ് തോട് | | | | | | | | | |
| 12 | 78/22 പുന്നക്കൽ കുന്നംപുറം തോട് | ഭാർഗ്ഗവൻ | $912m^3$ | @$88.52/m^3$ = 80730 | 88441 | 91% | 10612 | 4422 | 6190 | 3343755 /18.1.22 |
| 13 | 77/22 മാളിയേക്കൽ പറമ്പ് തോട് | വരദകുമാർ | $936m^3$ | @$88.52/m^3$ = 82854 | 89023 | 93% | 10682 | 4451 | 6231 | 74474 /1.2.22 |
| 14 | 80/22 കളപ്പുരക്കൽ തോട് | ഭാർഗ്ഗവൻ | $1706m^3$ | @$88.52/m^3$ = 151015 | 170036 | 88% | 20404 | 8502 | 11902 | 1510903 /10.2.22 |
| | | | | | ആകെ | | | | 135871 | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (16/20.8.22) ലഭ്യമാക്കിയ മറുപടിയിൽ 12% ജി.എസ്.ടി നൽകിയത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി നൽകിയതിനാലാണെന്നും ഇനിയുള്ള പ്രവൃത്തികളിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളവിധം ജി.എസ്.ടിയിനത്തിൽ അധികം നൽകിയ 135871/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 3-2 പ്രവൃത്തിമൂല്യം ഭരണാനുമതി/ സാങ്കേതികാനുമതി തുകകളിൽ പരിമിതപ്പെടുത്തിയില്ല- അധികചെലവ്.

കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികളിൽ പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ആകെ പ്രവൃത്തിമൂല്യം ഭരണാനുമതി/ സാങ്കേതികാനുമതി തുകകളിൽ പരിമിതപ്പെടുത്താതെ കാലിവീപ്പയുടെ വില കുറവ് ചെയ്തശേഷമുള്ള തുക മാത്രം പരിമിതപ്പെടുത്തിയതുമൂലം കരാറുകാരന് അധികം തുക നൽകുവാനിടയായി. ഇതുമൂലം കാലിവീപ്പയുടെ വില ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ഒടുക്ക് വരുത്തുവാൻ സാധിച്ചിട്ടില്ല. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ്/ പേര്/ ഫണ്ടിനം | കരാറുകാരൻ | ആകെ പ്രവൃത്തി മൂല്യം | AS/TS/ അടങ്കൽ തുക | പരിമിത പ്പെടുത്തിയ ശേഷം കരാറുകാരന് നൽകാവുന്ന തുക | കരാറുകാരന് നൽകിയ തുക | അധികം | ബിൽ നമ്പർ |
|---|---|---|---|---|---|---|---|---|
| 1 | 22/22 കുരശിങ്കൽ റോഡ് മെറ്റലിംഗ്-ടാറിംഗ്-മെയിന്റനൻസ് ഗ്രാന്റ് | അതുൽ സഞ്ജയ് | 522994 | 500000/- | 500000-[2248 (ബാരൽ വില) +18680 (നികുതികൾ)] =479072/- | 481320/- | 2248/- | 18/21.1.22, 500000/- |
| 2 | 33/22 കണ്ടമംഗലം വെമ്പള്ളി റോഡ് മെറ്റലിംഗ്-ടാറിംഗ്-മെയിന്റനൻസ് ഗ്രാന്റ് | പി.എസ്. സുനിൽകുമാർ | 544260 | 500000/- | 500000-[2529 (ബാരൽ വില) +19436 (നികുതികൾ)] =478035/- | 480564 | 2529 | 21/27.1.22 500000/- |
| 3 | 27/22 പ്ലാപ്പറമ്പ് വലിയപറമ്പ് റോഡ് ടാറിംഗ് മെയിന്റനൻസ് ഗ്രാന്റ് | രാജേഷ്. സി | 543532 | 500000/- | 500000-[2529 (ബാരൽ വില) +19412 (നികുതികൾ)] =478059/- | 480588 | 2529 | 29/11.2.22, 28/11.2.22, ചെക്ക് 86191/ 23.2.22 |
| 4 | 36/22 ആഷാലയം മാമ്പുരയ്ക്കൽ റോഡ് ടാറിംഗ് മെയിന്റനൻസ് ഗ്രാന്റ് | വൻഭാർഗ്ഗ | 542690 | 500000 | 500000-[2529 (ബാരൽ വില) +19380 (നികുതികൾ)] =478091/- | 480620 | 2529 | 42/19.3.22 |
| 5 | 34/22 കൊച്ചുപറമ്പ് ചെങ്ങളത്ത് റോഡ് ടാറിംഗ് | മനോജ് കുമാർ | 532085 | 500000 | 500000-[1967 (ബാരൽ വില) +19004 (നികുതികൾ)] =479029/- | 480996 | 1967 | 22/31.1.22 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | മെയിന്റനൻസ് ഗ്രാന്റ് | | | | | | | |
| 6 | 35/22 കണ്ടച്ചാം പറമ്പ് റോഡ് മെറ്റലിംഗ്-ടാറിംഗ്-മെയിന്റനൻസ് ഗ്രാന്റ് | മനോജ് കുമാര് | 535002 | 500000 | 500000-[2248 (ബാരൽ വില) +19108 (നികുതികൾ)] =478644/- | 480892 | 2248 | 23/3.1.22 |
| 7 | 31/22 പാട്ടത്തിൽമഠം മൂലേച്ചിറ റോഡ് | അജീഷ്.എസ് | 542417 | 500000 | 500000-[2529 (ബാരൽ വില) +19372 (നികുതികൾ)] =478099/- | 480628 | 2529 | 30,31/ 15.2.22, 47/23.3.22 |
| 8 | 37/22 ചേനപ്പറമ്പ് റോഡ് | ഭാർഗ്ഗവൻ.കെ | 532246 | 500000 | 500000-[1686 (ബാരൽ വില) +19008 (നികുതികൾ)] =479306/- | 480992 | 1686 | 41/19.3.22, 37/8.3.22 |
| 9 | 24/22 ലോട്ടസ് ഇല്ലിക്കൽ റോഡ് | അതുൽ സഞ്ജയ് | 542132 | 500000 | 500000-[2529 (ബാരൽ വില) +19360 (നികുതികൾ)] =478111/- | 480640 | 2529 | 25/31.1.22 |
| 10 | 141/22 പാണ്ഡ്യാലക്കൽ കാക്കരി റോഡ് | അതുൽ സഞ്ജയ് | 508221 | 500000 | 500000-[2529 (ബാരൽ വില) +18152 (നികുതികൾ)] =479319/- | 481848 | 2529 | 19,20/21.1.22 |
| 11 | 29/22 ഒതേക്കാട് പുളിച്ചുവട് റോഡ് ടാറിംഗ് | അജീഷ്.എസ് | 542768 | 500000 | 500000-[3372 (ബാരൽ വില) +19384 (നികുതികൾ)] =477244/- | 480616 | 3372 | 32/15.2.22 |
| 12 | 30/22 16-ാം മൈൽ തത്തനാട് റോഡ് | ഭാർഗ്ഗവൻ | 539958 | 500000 | 500000-[2529 (ബാരൽ വില) +19284 (നികുതികൾ)] =478187/- | 480716 | 2529 | 43/19.3.22 |
| 13 | 28/22 ആയുർവ്വേദ ആശുപത്രി പെരുവേലി റോഡ് | മനോജ്കുമാർ | 540025 | 500000 | 500000-[3372 (ബാരൽ വില) +19288 (നികുതികൾ)] =477340/- | 480712 | 3372 | 26/5.2.22 |
| | | ആകെ | | | | | 32596 | |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം ആകെ പ്രവൃത്തിമൂല്യം ഭരണാനുമതി/ സാങ്കേതികാനുമതി തുകകളിൽ പരിമിതപ്പെടുത്താതിരുന്നതുമൂലം കരാറുകാർക്ക് അധികം നൽകിയ തുകകൾ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി അതത് ഫണ്ടുകളിലേക്കും നികുതികൾ പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (12/19.8.22) ലഭ്യമാക്കിയ മറുപടിയിൽ മേൽ പദ്ധതികളെല്ലാം തന്നെ സർക്കാർ നിർദ്ദേശാനുസരണം ടെണ്ടർ എക്സസ് നൽകാവുന്നവയാണ്. ആയതിനായി 2022-23സാമ്പത്തിക വർഷം പ്രത്യേകം പ്രോജക്ടുകൾ വെക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കുന്ന വേളയിൽ മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളവിധം നിലവിൽ കരാറുകാർക്ക് അധികം നൽകിയിട്ടുള്ള 32596/-രൂപ തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-3 കൃഷി ഓഫീസ് ദൈനംദിന ചെലവുകൾക്ക് വികസന ഫണ്ട് ഉപയോഗിച്ചു

പ്രോജക്ട് നം S0014/22- സുഭിക്ഷകേരളം -കിഴങ്ങുകൃഷി വ്യാപനം (വനിതാ ഗ്രൂപ്പുകൾക്ക്)

അടങ്കൽ-341875/-

310000/-(വികസന ഫണ്ട് പൊതുവിഭാഗം), 31875/-ഗുണഭോക്തൃവിഹിതം

ചെലവ്

310000/-(ബിൽ നം 6/22 തീ.18.2.22)

ഗുണ.വിഹിതം-31875/-

സുഭിക്ഷകേരളം പദ്ധതിയിലുൾപ്പെടുത്തി കിഴങ്ങുവർഗങ്ങളും വളവും 85 വനിതാ ഗ്രൂപ്പുകൾക്ക് (ഒരു ഗ്രൂപ്പിന് 25 Kgഎല്ലുപൊടി, 30 Kgചേന, 28kg ചേമ്പ്) വിതരണം ചെയ്യാനുദ്ദേശിച്ച പ്രോജക്ടാണിത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കെയ്കോയിൽ നിന്നും ലഭിച്ച കിഴങ്ങുവർഗങ്ങളും വളവും 85 വനിതാ ഗ്രൂപ്പുകൾക്കും മേൽ സൂചിപ്പിച്ച അളവിൽ വിതരണം ചെയ്തിട്ടുണ്ട്.

പ്രോജക്ടു നടപ്പലാക്കിയതുമായി ബന്ധപ്പെട്ട ചെലവുകൾക്ക് 331875/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണുള്ളത്. ഈ പ്രോജക്ട് പ്രകാരം തന്നെ പിൻവലിച്ചിട്ടുള്ള 10000/- രൂപയുക്ക് കൃഷി ഓഫീസിന്റെ ദൈനംദിന ചെലവുകളുടെ രേഖകളാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രോജക്ട് പ്രകാരം വകയിരുത്തിയ വികസനഫണ്ടിൽ നിന്നും കണ്ടിജന്റ് ചെലവുകൾക്കായി10000/- രൂപ ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (1/11.8.2022) നൽകിയതിന കൃഷിഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് റിവൈസ് ചെയ്യാനുള്ള അപേക്ഷ പഞ്ചായത്തിൽ സമർപ്പിച്ചിരുന്നെങ്കിലും പദ്ധതിക്ക് കൂടുതൽ തുക വേണമെന്ന് താൻ ആവശ്യപ്പെട്ടിരുന്നില്ല.എന്നാൽ പ്രോജക്ടിൽ 10000/-രൂപ കൂടി ഉൾപ്പെടുത്തണമെന്ന് 22.1.22ൽ പ്ലാൻക്ലാർക്ക് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഓഫീസ് എക്സ്പെൻസിനായി 10000/-രൂപ വകയിരുത്തി പ്രോജക്ട് നടപ്പിലാക്കിയത് .ഓഫീസ് എക്സ്പെൻസിനായി പിൻവലിച്ച തുക കൃഷി ഓഫീസറുടെ സ്പെഷൽ ടി.എസ്.ബി അക്കൌണ്ടിൽ ഉണ്ടെന്നും ആയത് താൻ കൈപ്പറ്റിയിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്.

കണ്ടിജന്റ് ,ചെലവുകൾക്കായി വികസനഫണ്ടിൽ നിന്നും മാറിയിട്ടുള്ള 10000/- രൂപ തിരിക ബന്ധപ്പെട്ട ഹെഡിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-4 ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തില്ല

പഞ്ചായത്തിലെ ക്ഷേമ പെൻഷൻ വിതരണ വിവരങ്ങൾ 2021-22 രജിസ്റ്റർ ചെയ്തിട്ടുള്ള മരിച്ചവരുടെ വിവരങ്ങളുമായി ഒത്തുനോക്കിയതിൽ ക്ഷേമപെൻഷൻ സസ്പെൻഡ് ചെയ്തിരിക്കുന്നതിലെ കാലതാമസംമൂലം അനർഹമായകാലയളവിലെ പെൻഷൻതുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പേര് /വിലാസം | പെൻഷൻ തരം/ഐഡി നമ്പർ | മരിച്ചതീയതി/ സസ്പെൻഡ് ചെയ്ത തീയതി | അനർഹമായ കാലയളവ് | നൽകിയ തുക |
|---|---|---|---|---|---|
| 1 | അന്നമ്മ തോമസ്, ആറാട്ടുകുളം | വാർദ്ധക്യകാല പെൻഷൻ, 104310200111 | 14.1.2021/ 18.10.2021 | 2/21 മുതൽ 9/21 വരെ | 12600/- (2/21-3/21 @1500 ,4/21-9/21 @1600) |
| 2 | പ്രഭാവതി,മഹേന്ദ്ര ഭവനം | വിധവ പെൻഷൻ 104310600202 | 11.2.21/ 18.10.21 | 3/21 മുതൽ 9/21 വരെ | 11100/- 3/21 @1500/- 4/21-9/21 @1600) |
| 3 | ചിന്നമ്മ ജോസഫ് ,പാല്യത്തുതയ്യിൽ | വാർദ്ധക്യകാല പെൻഷൻ,1 04310200847 | 20.12.2020 സസ്പെൻഡ് ചെയ്തിട്ടില്ല | 1/21 മുതൽ 7/22 വരെ | 11400/- @600/- |
| 4 | സി.പി.ദേവദാസ് കമ്മത്ത്,ചേലങ്ങാട്ട് വീട് | വാർദ്ധക്യകാല പെൻഷൻ, 104310200490 | 13.4.21/ 20.7.21 | 5/21 ,6/21 | 3200/- @1600/- |
| 5 | കമല ,പ്രസന്നപുരം | വാർദ്ധക്യകാല പെൻഷൻ, 104310200631 | 12.4.2021/ 18.10.21 | 5/21 -9/21 | 3000/- @600/- |
| 6 | സേവ്യർ ജോസഫ് ,കുന്നേൽ | വാർദ്ധക്യകാല പെൻഷൻ, 104310201524 | 14.5.2021/ 18.10.2021 | 6/21-9/21 | 2400/- @600/- |
| 7 | ലക്ഷ്മണൻ ,നിവർത്തിൽ വീട് | വാർദ്ധക്യകാല പെൻഷൻ, 104310200436 | 10.5.21/ 18.10.21 | 6/21-9/21 | 6400/- @1600/- |
| 8 | ബാഹുലേയൻ കളത്തുംമുറി | വാർദ്ധക്യകാല പെൻഷൻ, | 26.5.21/ | 6/21-9/21 | 6400/- @1600/- |

| | | | | | |
|---|---|---|---|---|---|
| | | 104310200033 | 18.10.21 | | |
| 9 | സുരേന്ദ്രൻ സന്ദീപ് ഭവൻ | വാർദ്ധക്യകാല പെൻഷൻ, 104310201011 | 15.6.21/ 18.10.21 | 7/21-9/21 | 1800/- @600/- |
| 10 | വർഗീസ്,തയ്യിൽ ഹൗസ് | വാർദ്ധക്യകാല പെൻഷൻ, 104310202123 | 26.7.21 സസ്പെൻഡ് ചെയ്തിട്ടില്ല | 8/21-6/22 | 17600/- @1600/- |
| 11 | സെലിൻ യേശുദാസ് കുടിയാംശേരി | വാർദ്ധക്യകാല പെൻഷൻ, 104310200298 | 23.7.21 സസ്പെൻഡ് ചെയ്തിട്ടില്ല | 8/21-6/22 | 17600/- @1600/- |
| ആകെ | | | | | 93500/- |

അനർഹമായകാലയളവിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതിനാൽ ടി തുക അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി കേരളബാങ്കിലെ പെൻഷൻ അക്കൗണ്ടിലേക്ക് ഒടുക്കുവരുത്തിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.മേൽ സൂചിപ്പിച്ചിട്ടുള്ള പെൻഷൻ തുക 93500/- രൂപ തിരികെ സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതുവരെ സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 399461 | പാലിയേറ്റീവ് കെയർ | 399461 | -- |
| | 2021-22 | 299125 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 299125 | |
| | 2021-22 | 173330 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 173330 | |
| | 2021-22 | 386000 | സമ്പൂർണ ഭവന നിർമാണപദ്ധതി ലൈഫ് (ഫിഷറീസ്) | 386000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 8630000 | ലൈഫ് ഭവന നിർമാണം (ഫിഷറീസ്) | 8630000 | |
| | | 172926 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 172926 | |
| | | 100000 | പാലിന് സബ്സിഡി | 100000 | |
| | | 100000 | അനുപൂരക പോഷകാഹാരം | 100000 | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ *160000/-*രൂപ വരവുണ്ട്. തൻവർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ | റിമാർക്സ് |
|---|---|---|---|---|---|---|

| | | | ബാക്കിയുള്ള തുക | മുതൽ | പലിശ | ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|---|
| HUDCO | | 160000 | 32604000 | 2640000 | | 30124000 | |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76097563 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72976277 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 271967 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 713948 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 135871 | സുരേശൻ.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 32596 | സുരേശൻ.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 10000 | സിന്ധു.എം<br>കൃഷി ഓഫീസർ |
| 3-4 | 56500 | ബാബു.വി, സെക്രട്ടറി |
| 3-4 | 37000 | സതീദേവി രാമൻനായർ<br>സെക്രട്ടറി |
| ആകെ | 271967 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 63948 | ബാബു.വി, സെക്രട്ടറി |
| 1-17 | 350000 | ഡോ.അനുരാജ്.കെ.ആർ<br>വെറ്റിനറി സർജൻ |
| 1-18 | 300000 | ഡോ.റജീന.റ്റി<br>മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ആകെ | 713948 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| സിന്ധു.എം<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>എഴുപുന്ന | കൗസ്തുഭം<br>സി.എം.സി 12<br>മൂന്നാംകരറോഡ്<br>ചേർത്തല |
| സുരേശൻ.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ്<br>എഞ്ചിനീയർ<br>കടക്കരപ്പള്ളി | സൂര്യശ്രീ<br>എസ്.എൻ.പുരം.പി.ഒ<br>ചേർത്തല |
| വി.ബാബു<br>സെക്രട്ടറി | വിരമിച്ചു | ദേവീകൃഷ്ണ<br>പട്ടണക്കാട് പി.ഓ<br>ചേർത്തല |
| സതീദേവി രാമൻനായർ<br>സെക്രട്ടറി | സെക്രട്ടറി<br>കടക്കരപ്പള്ളി | അരവിന്ദം<br>കടക്കരപ്പള്ളി.പി.ഒ<br>ചേർത്തല<br>ആലപ്പുഴ |
| ഡോ.റജീന.റ്റി<br>മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | മെഡിക്കൽ ഓഫീസർ,<br>ആയുർവേദം<br>കടക്കരപ്പള്ളി | വേലിക്കെട്ടിൽ<br>ഹൌസ്<br>കടക്കരപ്പള്ളി.പി.ഒ<br>ചേർത്തല<br>ആലപ്പുഴ |
| ഡോ.അനരാജ്.കെ.ആർ<br>വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ | കുഴിവിലയിൽ<br>പടിഞ്ഞാറേപ്പുര<br>കുന്നത്തുർ.പി.ഓ<br>കൊല്ലം |
| ഡോ.റെജീന.ടി<br>മെഡിക്കൽ ഓഫീസർ<br>(ആയുർവ്വേദം) | മെഡിക്കൽ ഓഫീസർ | വേലിക്കെട്ടിൽ<br>കടക്കരപ്പള്ളി പി.ഓ<br>ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ആകെ ഖണ്ഡിക | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 1996-97 | 1 | LFA-GA5/1832/11/ 16.1.12 |
| 1997-98 | 1 | LFA-GA5/1832/11/ 16.1.12 |
| 2001-02 | 2 | LFA-GA5/1832/11/ 16.1.12 |
| 2006-07 &07-08 | 17 | LFA8 /40,41/2010/16.7.2010 |
| 2008-09 | 4 | LFA-P2/1207/11/ 10.1.12, 11.4.12 |
| 2009-10 | 5 | LFA-P2/1208/11/ 10.1.12, 11.4.12 |
| 2010-11 | 8 | LFA-P2/550/11/ 17.12.12, 31.1.12 |
| 2011-12 | 14 | LFA-P2/1400/12/ 14.12.12, 8.1.13 |
| 2012-13 | 3 | LFA-P11/1841/14/ 20.1.15, 3.3.15 |
| 2013-14 | 8 | LFA-P11/680/15/ 15.7.15 |
| 2014-15 | 9 | KSA-ALP/P11-837/16/ 30.7.16 |
| 2015-16 | 13 | KSA-ALP/P11-1175/16/ 1.11.16 |
| 2016-17 | 13 | KSA-ALP/P11-1034/17/ 5.8.17 |
| 2017-18 | 7 | KSA-ALP/P11-1295/18/5.9.18 |
| 2018-19 | 21 | KSA-ALP/P11-122/ 29.5.20 |
| 2019-20 | 44 | KSA-ALP/P11-385/21/ 12.4.21 |
| 2020-21 | 18 | KSA-ALP/P11-832/2021/ 28.09.2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്